**ശ്രദ്ധക്ഷണിക്കൽ**

**സ്ഥിരം ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ്**

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം 18 വർഷം പിന്നിട്ടിരിക്കുകയാണ്. പക്വതയെത്തിയ ഈ ഘട്ടത്തിൽ ഗൗരവായ ചിന്തകൾ അന്താരഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടത് അങ്ങേയറ്റം അനിവാര്യമായ സമയമാണിത്. ചലച്ചിത്രമേള വിജയിക്കണമെങ്കിൽ ഒന്നാമതയി ഉണ്ടാകേണ്ടത് നല്ല സിനിമകളാണ്. ചലച്ചിത്ര ആസ്വാദകരായ പ്രേക്ഷകർ വലിയ പ്രതീക്ഷയോടെയാണ് ഓരോ ചലച്ചിത്രോത്സവത്തിനും കാത്തിരിക്കുന്നത്. അന്തർദേശീയ സിനിമകളിൽകൂടി ആ രാജ്യങ്ങളിലെ രാഷ്ട്രീയവും അവിടത്തെ ജീവിതവുമെല്ലാം മനസ്സിലാക്കാനുള്ള അവസരം കൂടിയാണ് പൊതുപ്രവർത്തകരിൽ സിനിമാ ആസ്വാദകരായിട്ടുള്ളവർക്ക് ലഭിക്കുന്നത്. നമ്മുടെ ഫെസ്റ്റിവൽ എത്തുന്നത് ഡിസംബർ മാസത്തിലാണ്. ഈ വർഷം മാർച്ച് 29–ന് ക്യാൻ ഫിലിം ഫെസ്റ്റിവലും ഒക്ടോബർ മാസത്തിൽ ബുസാൻ ഫെസ്റ്റിവലും ആരംഭിക്കുകയാണ്. ക്യാൻ, ബുസാൻ, ലണ്ടൻ ഫെസ്റ്റിവലുകളെല്ലാം കഴിഞ്ഞാണ് ഡിസംബർ മാസത്തെ ഫെസ്റ്റിവൽ വരുന്നത്. നമുക്ക് തയ്യാറെടുപ്പിന് ആവശ്യത്തിലധികം സമയമുണ്ട്. എന്നാൽ അത്തരം തയ്യാറെടുപ്പുകൾ പലപ്പോഴും ഉണ്ടാകുന്നില്ല. ഒരു മാസത്തിന് മുമ്പാണ് ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. വരുന്ന 19–ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ ഇപ്പോൾ തന്നെ ആരംഭിക്കേണ്ടാതായിട്ടുണ്ട്. അതുപോലെ നല്ല സിനിമകൾ കൊണ്ടുവരാനുള്ള ശ്രമവും വേണം. ജൂറിയാണ് സിനിമകൾ

തെരഞ്ഞെടുക്കുന്നത്. പക്ഷേ, ദൗർഭാഗ്യകരമെന്ന് പറയട്ടെ, അതിൽ ജനാധിപത്യപരമായ പ്രവർത്തനമോ, ജൂറിയുടെ പ്രവർത്തനമോ നടക്കുന്നുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ചില വ്യക്തികളോ അല്ലെങ്കിൽ ക്യൂറേറ്റർമാരുടെയോ, പ്രോഗ്രാമേഴ്സിന്റേയോ രൂപത്തിൽ പ്രവർത്തനങ്ങൾ നടക്കുകയും അങ്ങനെ സിനിമകൾ വരികയും ചെയ്യുന്ന ഒരു സ്ഥിതിയാണുള്ളത്. അതിൽ നല്ലതും മോശവുമായ സിനിമകൾ വരാറുണ്ട്. നല്ല സിനിമകൾ, പോപ്പുലർ സിനിമയാകണമെന്ന് നിർബന്ധമില്ല, ലോക സിനിയമയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ചുള്ള നല്ല സിനിമകളും പരീക്ഷണ സിനിമകളുമടക്കം കാണുവാൻ പ്രേക്ഷകർക്ക് അവസരമുണ്ടാകുന്ന തെരഞ്ഞെടുപ്പ് ഉണ്ടാകണം. അതിനായി ഫെസ്റ്റിവൽ ഡയറക്ടറേറ്റ് ഉണ്ടാകണമെന്നതാണ് എന്റെ പ്രധാനപ്പെട്ട ആവശ്യം. ഒരു ഫെസ്റ്റിവൽ ഡയറക്ടറേറ്റ് ചലച്ചിത്ര അക്കാഡമയിൽ ചലച്ചിത്ര മേളയുമായി ബന്ധപ്പെട്ട് 18 വർഷമായി ഉണ്ടായിട്ടില്ല, അതുണ്ടാകണം. ഗോവയിലുള്ളതുപോലെ ഒരു ഫെസ്റ്റിവൽ ഡയറക്ടറേറ്റ് ഉണ്ടാകണം. ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, ശ്രീ. ഷാജി എൻ.കരുൺ, ശ്രീ. ലെനിൻ രാജേന്ദ്രൻ, ശ്രീ. രാജീവ് കുമാർ, ശ്രീ. രാജീവ് നാഥ് തുടങ്ങീ പ്രശസ്തരായ ആളുകളുടെ സേവനം ഉപയോഗിച്ചുകൊണ്ട് ഫെസ്റ്റിവൽ ഡയറക്ടറേറ്റ് രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാകണം. രണ്ടാമതായി തീയറ്ററുകളുടെ കാര്യമാണ്. ഇത്തവണ നല്ല സിനിമകളുണ്ടായിരുന്നു. ഞാൻ കഴിഞ്ഞ 12 വർഷമായി ഫെസ്റ്റിവലിൽ സ്ഥിരംപ്രതിനിധിയായി പങ്കെടുക്കുന്ന ചലച്ചിത്ര ആസ്വാദകനാണ്. ധാരാളം നല്ല സിനിമകൾ വന്നു. ‘Blue is the warmest colour’, ‘Past’, ‘Hunt’, ‘Rocket’, ‘Story teller’, ‘Television’ തുടങ്ങി ധാരാളം നല്ല സിനിമകൾ ഉണ്ടായിരുന്നു. ‘Blue is the warmest

colour' വിമർശനം ഉണ്ടായെങ്കിൽപ്പോലും ക്യാനിൽ പാംഡിയോർ കിട്ടിയ മനോഹരമായ സിനിമ ആയിരുന്നു. പ്രമേയം ആവശ്യപ്പെടുന്ന ചില ദൃശ്യങ്ങൾ ആ സിനിമയിൽ ഉണ്ടായതിന്റെ പേരിലാണ് വിമർശനം കേൾക്കേണ്ടി വന്നത്. 9600 ഡെലിഗേറ്റുകളും മീഡിയക്കാരും വോളണ്ടിയേഴ്സും അടക്കം ഇത്തവണ 11000–ത്തോളം സംഘാടകർ ഉണ്ടായിരുന്നു. ആകെയുള്ളത് 5000 –ത്തോളം സീറ്റുകൾ മാത്രമാണ്. 5000–ത്തോളം സീറ്റുകളുള്ള സ്ഥലത്ത് 11000 ഡെലിഗേറ്റസ് വരുമ്പോഴുണ്ടാകുന്ന പ്രശ്നം വലുതാണ്. അച്ചടക്കത്തെ ബാധിച്ചു. ജൂറി ചെയർമാനും അംഗങ്ങൾക്കുംപോലും സിനിമ കാണാൻ സ്ഥലം കിട്ടാത്ത അവസ്ഥ ഉണ്ടായി. വളരെ ജനകീയമായിരുന്നുവെന്ന വസ്തുത ശരിയാണ്. മുതിർന്ന പത്രപ്രവർത്തകർക്കുപോലും സിനിമ റിപ്പോർട്ട് ചെയ്യാൻ ഒന്നും രണ്ടും അവസരം ശ്രമിച്ചിട്ടുപോലും കഴിയാത്ത സ്ഥിതി ഉണ്ടായി. അതുകൊണ്ട് അടുത്ത ഫെസ്റ്റിവലിന് ഡെലിഗേറ്റ്സിന്റെ എണ്ണം 6000–ൽ കൂടാതെ പരിമിതപ്പെടുത്തണം. സിനിമാ മേഖലയിലുള്ളവർ, സംവിധായകർ, ടെക്നീഷ്യൻസ്, സിനിമ പഠിക്കുന്ന വിദ്യാർത്ഥികൾ, സിനിമാ മേഖലയിലല്ലാത്ത ജേണലിസ്റ്റുകൾ, സിനിമാ ആസ്വാദകർ തുടങ്ങി കാറ്റഗറൈസേഷനും വേണം. ഇപ്പോൾ മുഴുവൻ ആളുകളേയും അതിനകത്ത് കയറ്റുകയാണ്. ഫാൻസ് അസോസിയേഷൻ സിനിമാ കാണികൾ വന്ന് കൂകി വിളിക്കുകയും കയ്യടിക്കുകയും തെറിവിളിക്കുകയും ചെയ്യുകയാണ്. ശ്രീ. അബ്ദുള്ളക്കുട്ടി, ശ്രീ. അബ്ദുൾ ഖാദർ മറ്റ് നിരവധി സാമാജികന്മാരും എന്നോടൊപ്പം സിനിമ കാണാനുണ്ടായിരുന്നു. ആ അവസരങ്ങളില്ലാം മറ്റ് വിദേശ ചലച്ചിത്ര പ്രവർത്തകരുടെ മുമ്പിൽ നമ്മുടെ നാടിന്റെ പേര് കളയുന്ന രീതിയിലാണ് കാര്യങ്ങൾ. അച്ചടക്കത്തിന്റെ കാര്യത്തിൽ കൃത്യ

മായ ശ്രദ്ധയുണ്ടാകണം. രണ്ടാമത്തെ ആവശ്യം, ഫെസ്റ്റിവലിനൊരു സ്ഥിരം ഫെസ്റ്റിവൽ കോംപ്ലക്സ് വേണമെന്നുള്ളതാണ്. ദില്ലിയിലെ സിനിഫോർട്ട് പോലെ, കൽക്കട്ടയിലെ നന്ദൻ കോംപ്ലക്സുപോലെ ഗോവയിലെ ഇന്നോക്സ് പോലെ കോംപ്ലക്സ് വേണം. തിരുവനന്തപുരത്ത് അതിന് മതി യായ സ്ഥലമുണ്ട്. ചലച്ചിത്രമേള കഴിഞ്ഞാലുള്ള സമയങ്ങളിൽ കെ.എസ്. ഡി.എഫ്.സി.–ക്കോ മറ്റേതെങ്കിലും ഏജൻസിക്കോ ഗവൺമെന്റിന് നേരിട്ടോ സാധാരണ സിനിമകൾ പ്രദശർശിപ്പിക്കാം. മറ്റ് തീയറ്ററുകൾ എടുക്കാത്ത നല്ല സിനിമകൾ വരുന്നുണ്ട്. അവാർഡ് കിട്ടുന്ന സിനിമകൾ ആളുകൾ വരി ല്ലെന്നുള്ളതുകൊണ്ട് മറ്റ് തീയറ്ററുകൾ എടുക്കാത്ത അവസ്ഥയാണ്. അങ്ങനെയുള്ള സിനിമകൾപോലും കാണിക്കാനുള്ള സ്ഥിരം സംവിധാന മായി ഫെസ്റ്റിവൽ കോംപ്ലക്സ് മാറട്ടെ. ഇവിടെ ആയിരം സീറ്റുള്ള തീയറ്ററു കൾ വളരെ ചുരുക്കമാണ്. വലിയ പ്രതീക്ഷയോടെയാണ് കയറിയതെങ്കിലും കിം കുഡ് ഹുക്കിന്റെ 'മോബിയസ്' എന്ന സിനിമ വളരെ മോശമായിരുന്നു. ആളെ പിരിച്ചുവിടാൻ ആ തീയറ്ററിനുമുമ്പിൽ പോലീസ് ലാത്തിച്ചാർജ്ജ് നട ത്തുകയായിരുന്നു. എസ്.എൽ. തീയറ്ററിൽനിന്ന് ഒരു സിനിമ കണ്ടതിനു ശേഷം കൈരളി–ശ്രീയിലേക്ക് നടന്നുവരുമ്പോൾ ഒരു സിനിമ കഴിഞ്ഞി രിക്കും. നാലോ അഞ്ചോ സ്ക്രീൻ ഉള്ള ഒരു ഫെസ്റ്റിവൽ കോംപ്ലക്സ് വരികയും മറ്റ് തീയറ്ററുകളും കൂടിയാകുമ്പോൾ ഭംഗിയായി കാര്യങ്ങൾ നടക്കും. അതിനുള്ള സംവിധാനുമണ്ടാകണം. ചെയറിനോട് ഒരു അഭ്യർത്ഥ നയുണ്ട്. അങ്ങ് നല്ല സിനിമാ ആസ്വാദകനും സിനിമയെ സ്നേഹിക്കുകയും സിനിമ കാണുകയും ചെയ്യുന്ന ആളുമാണ്. നമ്മുടെ സാമാജികർക്ക് അസംബ്ലി ഇല്ലാത്ത സമയത്തും അസംബ്ലിക്ക് ശേഷമുള്ള സമയത്തും എം.

എൽ.എ. ഹോസ്റ്റലിൽ, സിനിമ കാണുന്നതിന് 100 സീറ്റുള്ള സംവിധാനമുണ്ടാക്കണം. അക്കാഡമിയിൽ എത്രയോ നല്ല സിനിമകൾ വരുന്നുണ്ട്. ഇക്കാര്യത്തിൽ അങ്ങ് തീരുമാനമെടുക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച ഈ ശ്രദ്ധ ക്ഷണിക്കലിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളൊക്കെ ഗവൺമെന്റ് ഗൗരവ്വപൂർവ്വം പരിഗണിക്കുന്നതാണ്. ഈ വർഷത്തെ അന്തർദ്ദേശീയ ചലച്ചിത്രോത്സവം ഡിസംബർ 6–ാം തീയതി മുതൽ 12–ാം തീയതി വരെ നടത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. അതിനുള്ള അണിയറ ഒരുക്കങ്ങൾ ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ട്. തയ്യാറെടുപ്പുകൾ സംബന്ധിച്ച പ്രാഥമികമായ ചർച്ച നടന്നിട്ടുണ്ട്. കിട്ടാവുന്നതിൽ വച്ച് ഏറ്റവും നല്ല ജൂറികളെ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നമ്മൾ നടത്തുന്നത്. നല്ല സിനിമകൾ ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമവും നടത്തും. നേരത്തെ നമ്മുടെ നിയമസഭാ സാമാജികർക്ക് നല്ല സിനിമ കാണുന്നതിനുള്ള സൗകര്യമൊരുക്കണമെന്ന നിർദ്ദേശം അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട സ്പീക്കർ സ്ഥലം അനുവദിക്കുകയാണെങ്കിൽ കെ.എഫ്.ഡി.സി.യുടെ ആഭിമുഖ്യത്തിലൊരു ഹോം തിയേറ്റർ നമ്മുടെ നിയമസഭാ കോംപ്ലക്സിൽത്തന്നെ ക്രമീകരിക്കുന്നതിനുള്ള നടപടി എടുക്കാൻ കഴിയും. പക്ഷെ അതിലൊരു പ്രൊവൈസോയുണ്ട്, സ്പീക്കറുടെ ഭാഗത്തുനിന്നും അതിനുള്ള പെർമിഷൻ ലഭിക്കണം. പെർമിഷൻ ലഭിച്ചുകഴിഞ്ഞാൽ അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇവിടെ സൂചിപ്പിച്ച മറ്റൊരാവ

ശ്യമായ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് വേണമെന്നുള്ളത് കേരളത്തിന്റെ ദീർഘകാലമായിട്ടുള്ള ആവശ്യമാണ്. ഇവിടെ സൂചിപ്പിച്ചത് ശരിയാണ്, നമ്മുടെ തിയേറ്ററുകളുടെ നമ്പർ കുറവായതുകൊണ്ട് ഒരു തിയേറ്ററിൽനിന്ന് മറ്റൊരു തിയേറ്ററിലേയ്ക്ക് ആളുകൾക്ക് ഓടിനടന്നുമാത്രമെ ഫെസ്റ്റിവലിൽ ഉൾപ്പെടുത്തിയിരിക്കുന്ന സിനിമ കാണാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് സ്ഥലം കണ്ടെത്തുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കുന്നുണ്ട്. കെ.എഫ്.ഡി.സി.യിലെ ബന്ധപ്പെട്ട ആളുകളോട് സ്ഥലം കണ്ടെത്താൻ പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, കവടിയാർ പാലസിൽ ഇതിനാവശ്യമായ സ്ഥലമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെകൂടി സഹായത്തോടുകൂടി സ്ഥലം കണ്ടെത്താൻ നമുക്ക് കഴിയുകയാണെങ്കിൽ മറ്റ് നടപടികളിലേയ്ക്ക് പോകാൻ സാധിക്കും. സ്ഥലം കണ്ടെത്തുന്നതിനുവേണ്ടിയുള്ള പരിശ്രമം ഞങ്ങളും നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട കെ. മുരളീധരൻ ഇവിടത്തെ എം.എൽ.എ. കൂടിയാണ്. അങ്ങയുടെ സഹായംകൂടി ഇക്കാര്യത്തിൽ കിട്ടുകയാണെങ്കിൽ അത് പൂർണ്ണമായും സ്വാഗതാർഹമാണ്. അതിനുവേണ്ടിയുള്ള നടപടിയിലേയ്ക്ക് പോകുന്നതാണ്. അതോടൊപ്പംതന്നെ ഡെലിഗേറ്റ്സിന്റെ എണ്ണം കുറയ്ക്കുക, അച്ചടക്കം പാലിക്കുക എന്നുള്ള മൈന്യൂട്ട് ആയ കാര്യങ്ങളെല്ലാം അവരുടെ ഒരു കമ്മിറ്റിയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ നമ്മുടെ പൊതുവികാരവും ഗവൺമെന്റിന്റെ ആഗ്രഹവും ഞാനവരെ അറിയിക്കുന്നതാണ്. അച്ചടക്കത്തോടുകൂടിതന്നെ നമുക്കിത് നടത്താൻ കഴിയണം. എപ്പോഴും വിമർശനങ്ങളുണ്ടാകുന്നത് ജൂറിയെ തെരഞ്ഞെടുക്കുന്നതിലും സിനിമ സെലക്ട് ചെയ്യുന്നതിലുമാണ്. ഇതു സംബന്ധിച്ച് ധാരാളം പരാതികൾ പല കാലഘട്ടത്തിലുമുണ്ടാകാറുണ്ട്. അവരുടെ കുറ്റംകൊണ്ടു

മാത്രമൊന്നുമല്ല. പല കാരണങ്ങളുണ്ട്. ഞാൻ ആ കാരണത്തിലേക്കൊന്നും കടക്കുന്നില്ല. ഏതായാലും കുറ്റമറ്റ രീതിയിൽ ഫിലിം ഫെസ്റ്റിവൽ നടത്തുകയെന്നുള്ളതാണ് ആഗ്രഹം. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഒരു ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനെക്കുറിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിച്ചു. അത് പരിശോധിച്ച് വേണ്ട വിധത്തിൽ എല്ലാ വിഭാഗം ആളുകൾക്കും ഇതിനകത്ത് പരിഗണന നൽകി നല്ല രൂപത്തിലൊരു സിനിമാ ആസ്വാദ്യം ഉണ്ടാക്കുന്നതിനുള്ള നടപടിയെടുക്കുമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കേരളത്തിൽ നടക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവം രാജ്യാന്തര പ്രശസ്തിയുള്ള ഒരു മേളയാണെന്ന് അങ്ങേയ്ക്കുമറിയാം. ഈ മേളയുടെ പ്രശസ്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടിയായിരിക്കും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. നേരത്തെ പറഞ്ഞപ്പോലെ ഞാൻതന്നെ അവരുമായി വ്യക്തിപരമായി പല ഘട്ടങ്ങളിലായി ചർച്ച നടത്തിയിട്ടുണ്ട്. അത് മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു ശ്രമത്തിലാണെന്ന് ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഫെസ്റ്റിവൽ ഡയറക്ടറേറ്റ് ഇപ്പോൾ രൂപീകരിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഡിസംബർ മാസത്തിൽ നടത്താനുദ്ദേശിക്കുന്ന ഫിലിം ഫെസ്റ്റിവലിലേയ്ക്കുള്ള തയ്യാറെടുപ്പ് യഥാർത്ഥത്തിൽ ഇപ്പോൾ ആരംഭിച്ചെങ്കിൽ മാത്രമെ വരുന്ന ചെറിയ പരാതികളുണ്ടെങ്കിൽപ്പോലും അത് പരിഹരിക്കാൻ കഴിയുകയുള്ളൂ. വൈകാതെതന്നെ ഡയറക്ടറേറ്റ് രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ തന്നെ വ്യക്തിപരമായി അവരെയെല്ലാം വിളിച്ച് ചർച്ച നടത്തിക്കഴിഞ്ഞു. ഇനി ബാക്കിയുള്ള നടപടി

കളിലേയ്ക്ക് പോകണം. അങ്ങിവിടെ പറഞ്ഞതുപോലെ ഇതിന്റെ എല്ലാ ഘട കങ്ങളും നോക്കി നമുക്ക് കേരളത്തിൽ ഈ രംഗത്ത് പ്രശസ്തരായ, ലോക പ്രശസ്തിയുള്ള ധാരാളം കലാകാരന്മാരുണ്ട്. അവരുടെ സേവനംകൂടി പ്രയോജനപ്പെടുത്തണം. അതുകൊണ്ട് വിപുലമായ രൂപത്തിൽ ഇക്കാര്യം കൈകാര്യം ചെയ്യണമെന്നതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അങ്ങ് പറഞ്ഞ കാര്യം വളരെ ഗൗരവമായിട്ട് ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

മി. സ്പീക്കർ: നല്ല സിനിമകൾ കാണണമെന്നുള്ള താൽപ്പര്യം എം. എൽ.എ.മാർ ശ്രീ. പി. സി. വിഷ്ണുനാഥിന്റെ നേതൃത്വത്തിൽ എനിക്ക് എഴു തിത്തന്നിട്ടുണ്ട്. എം.എൽ.എ. ഹോസ്റ്റലിലെ എ.സി. കോൺഫറൻസ് ഹാളിൽ 77 പേർക്ക് ഇരിക്കാം. അവിടെ സമ്മേളനമില്ലാത്ത സമയത്ത് ക്ലാസിക്കൽ സിനിമകൾ, ചലച്ചിത്ര അക്കാദമിയുമായി സഹകരിച്ച് ചെയ്യാവുന്നതേയുള്ളൂ. ഈ 77 പേർക്കിരിക്കാവുന്ന എം.എൽ.എ. ഹോസ്റ്റലിലെ എ.സി. കോൺഫ റൻസ് ഹാൾ അതിനുവേണ്ടി സൗകര്യപ്പെടുത്തുന്നതാണ്. വേറൊരു കാര്യം കൂടി എനിക്ക് പറയാനുണ്ട്. നമ്മുടെ ഈ കോമ്പൗണ്ടിൽ പുതിയ മ്യൂസിയം നിർമ്മിക്കുന്നുണ്ട്, അത് മറ്റെങ്ങുമില്ലാത്ത പ്രത്യേക മ്യൂസിയമാണെന്ന് ഞാൻ പറയുന്നില്ല, കണ്ടിട്ടുള്ളവർക്ക് മനസ്സിലാകും. അതിന്റെ ഏറ്റവും മുകളിൽ ഒരു മിനി തിയേറ്റർ ആണ്. അതിന്റെ പണി കുറച്ചുകൂടി തീരാനുണ്ട്. ഫുൾ ഫ്‌ളെഡ്ജിഡ് എ.സി. മിനി തിയേറ്ററാണ് ഈ പുതിയ മ്യൂസിയത്തിന്റെ മുകളി ലായി പണി തീർന്നുക്കൊണ്ടിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ഇതിനകത്തു തന്നെ ഒരു തിയേറ്റർ ഉണ്ട്. പക്ഷെ അതിന് കുറച്ചു സമയംകൂടിയെടുക്കും. അതുവരെ എം.എൽ.എ. ഹോസ്റ്റലിലെ എ.സി. കോൺഫറൻസ് ഹാളിൽ ഇതിനുള്ള സംവിധാനമുണ്ടാക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് വളരെ സ്വാഗതാർഹമാണ്. അവിടെ ഹോം തിയേറ്റർ സെറ്റപ്പ് ചെയ്യുന്നതിനുവേണ്ടി ഞങ്ങളുടെ സാങ്കേതിക സഹായമെന്തെങ്കിലും വേണമെങ്കിൽ അത് പരിപൂർണ്ണമായി അങ്ങേയ്ക്ക് വിനിയോഗിക്കാവുന്നതാണ്.

മി. സ്പീക്കർ: തീർച്ചയായും. അവിടെ ഹോം തിയേറ്റർ സൗകര്യമൊരുക്കുന്നതിലുള്ള എല്ലാ കാര്യങ്ങളിലും അങ്ങുമായി ബന്ധപ്പെടുന്നതാണ്. അങ്ങ് അത് ചെയ്തുതരണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. സി. ദിവാകരൻ വാക്കൗട്ടിന് മുമ്പ് ഒരു കാര്യം പറഞ്ഞിട്ടുപോയി. പ്രസംഗിച്ചതിലുള്ള തർക്കമല്ല, അതെന്റെ വിഷയവുമല്ല. ഇവിടെ ഒരു അടിയന്തരപ്രമേയവും അനുവദിച്ചില്ലായെന്നു പറഞ്ഞു. ഞാൻ സ്പീക്കർ ആയതിനുശേഷം ഡോ. ടി. എം. തോമസ് ഐസക് 25–10–2011–ൽ ടൈറ്റാനിയം അഴിമതിയുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ അടിയന്തരപ്രമേയം അനുവദിച്ചിട്ടുള്ളതാണ്. 04–11–2011–ൽ ഡോ. ടി. എം. തോമസ് ഐസക് തന്നെ ഉന്നയിച്ച പാമോലിൻ കേസുമായി ബന്ധപ്പെട്ട വിഷയം, ശ്രീ. സി. ദിവാകരന്റെ തന്നെ 12–12–2012–ൽ വിലവർദ്ധനവുമായി ബന്ധപ്പെട്ട് കൊണ്ടുവന്ന അടിയന്തര പ്രമേയം എന്നിവയൊക്കെ സഭ നിർത്തിവച്ച് ചർച്ച ചെയ്തിട്ടുണ്ട്. ശ്രീ. എം. ചന്ദ്രൻ വരൾച്ചയുമായി ബന്ധപ്പെട്ട് 10–04–2013–ൽ കൊണ്ടുവന്ന അടിയന്തര പ്രമേയവും നമ്മൾ സഭ നിർത്തിവച്ച് ചർച്ച ചെയ്തിട്ടുണ്ട്. ഞാൻ പറഞ്ഞത് ഇതൊക്കെ നമ്മൾ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാനാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

ഡോ. ടി. എം. തോമസ് ഐസക്: സർ, കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന അതീവ ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെയും സഭയുടെയും ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. ഈ കണക്കുകളൊക്കെ പല പ്പോഴും വിവാദമാകുന്നതുകൊണ്ട് ഞാൻ എക്കണോമിക് റിവ്യൂവിലെ കണ ക്കാണ് എടുക്കുന്നത്. 2008–2009 സാമ്പത്തിക വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ 118 കോടി രൂപയുടെ ലാഭമുണ്ടാക്കി. 2009–10–ൽ 248 കോടി രൂപ, 2010–11–ൽ 183 കോടി രൂപ, 2011–12–ൽ 222 കോടി രൂപ എന്നിങ്ങനെ യാണ് കണക്ക്. സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചു, കൺഗ്രാജുലേഷൻസ്. പക്ഷെ 2012–2013–ൽ 75 കോടി രൂപ ആയിരുന്നിടത്ത് 2013–14 ൽ എന്താണ് സംഭവിച്ചത്? എക്കണോമിക് റിവ്യൂവിൽ ഒക്ടോബർ വരെയുള്ള കണക്ക് കൊടുത്തിട്ടുണ്ട്. ഞാൻ കൃത്യമായി തർജ്ജമചെയ്ത് പറയുകയാണ്. 2013–14–ൽ അതായത് ഒക്ടോബർ 2013 വരെ പൊതുമേഖലാ സ്ഥാപനങ്ങ ളിൽ 1508 കോടി രൂപയുടെ ടേൺ ഓവറുണ്ടായിയെങ്കിലും അതിന്റെ നെറ്റ് ലോസ് 90 കോടി രൂപയാണ്. അതായത് 90 കോടി രൂപയുടെ നഷ്ടം. ഇതിൽതന്നെ 90 കോടി രൂപ നഷ്ടമെന്നുപറയുമ്പോൾ അതിൽ കെ.എസ്. ഐ.ഡി.സി. ഉൾപ്പെടും, കെ.എസ്.ഐ.ഡി.സി.ക്ക് 60 കോടി രൂപ ലാഭമാണ്, കിൻഫ്ര ഉൾപ്പെടും അതുകൊണ്ട് ഇതൊക്കെ മാറ്റി മാനുഫാക്ച്ചറിംഗ് നട ത്തുന്ന വ്യവസായ സ്ഥാപനങ്ങൾ മാത്രമെടുത്ത്, ഓരോ ഫാക്ടറിയുടെയും ഡിസംബർ വരെയുള്ള കണക്ക് ശേഖരിച്ചപ്പോൾ കണ്ടത് 35 ഫാക്ടറികൾ 2012 ഏപ്രിൽ–ഡിസംബർ മാസത്തിൽ 15 കോടി രൂപയുടെ നഷ്ടമെന്നാണ്

മനസ്സിലായത്. 2013-ൽ ഏപ്രിൽ-ഡിസംബർ വരെയുള്ള കാലയളവിൽ 140 കോടി രൂപ നഷ്ടമാണ്. ഇതെവിടെച്ചെന്നാണ് അവസാനിക്കുന്നത്.

ഗൗരവമായ പ്രതിസന്ധി വന്നിരിക്കുന്നുവെന്ന കാര്യം അങ്ങ് അംഗീകരിക്കണ മെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എന്റെ അഭ്യർത്ഥന. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 5 വർഷംകൊണ്ട് പൊതുമേഖലയെ എവിടെ എത്തിച്ചോ അതിപ്പോൾ രണ്ടരവർഷംകൊണ്ട് എത്തിച്ചിട്ടുണ്ടെന്നാണ് എന്റെ വാദം. ഓരോ ഫാക്ടറിയിലും വെവ്വേറെ പ്രശ്നങ്ങളാണ്. ഒരോന്നിനെക്കുറിച്ചും പറയുന്നില്ല. എന്നാൽ ഞാനുമായി ബന്ധപ്പെട്ട മൂന്നെണ്ണം പറയാം. അതിൽ ഒന്ന്, കെ.എസ്.ഡി.പി. കഴിഞ്ഞ സർക്കാരിന്റെ അവസാന വർഷം 35 കോടി രൂപയുടെ ഓർഡറാണ് സർക്കാർ കൊടുത്തത്. കഴിഞ്ഞ വർഷം 13 കോടി രൂപ, ഈ വർഷം 13 കോടി രൂപ, അങ്ങൊരു 4 കോൺഫറൻസ് വിളിച്ചിട്ടുണ്ട്. പക്ഷേ 13 കോടിയുടെ അപ്പുറം ഒരു ഓർഡറും കൊടുത്തിട്ടില്ല. ഇത് എന്ത് ന്യായമാണ്. സർക്കാർ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് വലതുകൈകൊണ്ട് പൈസ കൊടുക്കുന്നു, ഇപ്പുറത്ത് പൊതുമേഖലയ്ക്ക് കൊടുക്കുന്നു. ഇവർ തമ്മിൽ എന്താണ് പ്രശ്നം, ഈഗോ അല്ലാതെ വേറെ വല്ലതുമുണ്ടോ? ആന്ധ്രാപ്രദേശ് 10 കോടി രൂപയുടെ ഓർഡർ കൊടുത്തു. കേരളത്തിന് കൊടുത്താലെന്താണ്? കർണ്ണാടകക്കാർ വന്നു. അവിടെ അങ്ങാണ് പ്രതിക്കൂട്ടിൽ. കർണ്ണാടകക്കാർ വന്നിട്ട് ഓർഡർ തരാതെ തിരിച്ചു പോയതെന്താണെന്നറിയാമോ? ലാബ് പണി പൂർത്തിയായിട്ടില്ല, പഴയ ലാബിൽവച്ച് ഞങ്ങളുടെ ഉത്പന്നം ടെസ്റ്റ് ചെയ്ത് വാങ്ങാൻ തയ്യാറല്ല എന്ന് അവർ പറഞ്ഞു. ഒരു വർഷമായിട്ട് അവരുടെ ഓൺഫണ്ടുപയോഗിച്ച് ആ

പ്രവൃത്തി തീർക്കാം എന്നുള്ള നിവേദനം തീരുമാനമാകാതെ ഇരിക്കുകയാണ്. രണ്ട്, ജി.എം.പി. പ്രാക്ടീസ് വരണമെങ്കിൽ അവിടെ ബി.ഫാമുള്ളവർ, മൈക്രോ ബൈയോളജിസ്റ്റുകൾ വേണം. സെലക്ഷൻ വരെ സർക്കാർ നടത്തിയതാണ്. അതും പറ്റില്ലായെങ്കിൽ വേറെ ആരെയെങ്കിലും വയ്ക്കണം. രണ്ട് കൈയും കെട്ടിയിട്ടിട്ട് ഓർഡറും കൊടുക്കുകയില്ല എന്നുപറഞ്ഞാൽ അതിന്റെ ഫലമെന്താണ്? ഈ വർഷം 4 കോടി രൂപയോളം നഷ്ടത്തിലായി. ഓട്ടോ കാസ്റ്റിനെക്കുറിച്ച് പറയുകയാണെങ്കിൽ അതിന്ന് ഈ വർഷം വീണ്ടും മൂന്നുകോടി രൂപയുടെ നഷ്ടത്തിലേയ്ക്ക് പോകുകയാണ്. അതിലുപരി ബി.എഫ്.ആർ. കഴിഞ്ഞ 22-ാം തീയതി അടച്ചുപൂട്ടാനുള്ള ഓർഡറിടാനിരുന്നത് രക്ഷപ്പെട്ടത് ഹൈക്കോടതിയിൽ നിന്നൊരു സ്റ്റേ വാങ്ങിക്കൊടുത്തതുകൊണ്ടാണ്. അത് എത്ര നാൾ നിലനിൽക്കും. ഇതൊന്നും വേണ്ട, അവിടെയുള്ള സ്റ്റീൽ ഫർണസ്-ന്റെ കാര്യമെടുക്കാം. രണ്ടര വർഷംമുമ്പ് ഇൻസ്റ്റാൾ ചെയ്തതല്ലേ; അവസാനത്തെ ഫിനിഷിംഗ് ടച്ച് പോരായിരുന്നോ, അത് തുറന്നു പ്രവർത്തിക്കാൻ? ഹൈ പ്രഷർ ലൈനിന് ഒരു മെയിന്റനൻസ് ചെയ്താൽ പോരായിരുന്നോ; എന്താണ് അവിടത്തെ പ്രശ്നം? ശ്രീ. ആര്യാടൻ മുഹമ്മദ് അവിടത്തെ യൂണിയൻ നേതാവായിരുന്നു. ഇപ്പോൾ ഊർജ്ജ വകുപ്പിന്റെ മന്ത്രിയാണ്. 1981-ൽ 20 എം.വി.എ.യുടെ ട്രാൻസ്ഫോർമർ വേണമെന്ന് തീരുമാനിച്ചു. കാരണം അവിടെ ഇൻഡസ്ട്രിയൽ സ്റ്റീൽ സിറ്റി ഉണ്ടാക്കാൻ പോകുന്നുവെന്നാണ് ധാരണ. അവിടെ ഇപ്പോൾ ഈ സ്ഥാപനത്തിന് 3 എം.വി.എ. യുടെ ട്രാൻസ്ഫോർമർ മതി. 20 എം.വി.എ.യുടെ ലോസ്, അതിന്റെ ബർഡൻ മുഴുവനും ഈ ഒറ്റ സ്ഥാപനത്തിനുമേലിലാണ്. അങ്ങനെ കുടിശികയും പലിശയും പെനാലിറ്റിയുമെല്ലാമായി 32 കോടി രൂപ അടച്ചുകഴിഞ്ഞു,

ഇത് ഒറ്റത്തവണ തീർപ്പാക്കാൻ കഴിയില്ലേ? അതിന്റെ ലോണുണ്ട്. ആ ലോൺ ഷെയർ ക്യാപ്പിറ്റലാക്കുന്നതുകൊണ്ട് ബാലൻസ് ഷീറ്റിൽ എന്തെങ്കിലും വ്യത്യാസം വരുമോ? ഇത് ചെയ്യാത്തതുകൊണ്ട് എന്തു സംഭവിക്കുന്നു, ഇത് എന്നു വേണമെങ്കിലും അടച്ചുപൂട്ടാനുള്ള തീരുമാനം വരും. മൂന്നാമത്തേത് കേരള സ്പിന്നേഴ്സാണ്. കേരളാ സ്പിന്നേഴ്സെന്നുപറയുമ്പോൾ അത് കുറച്ചു കൂടെ വലിയ കഥയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 10 പുതിയ യൂണിറ്റുകൾ തുടങ്ങാൻ തീരുമാനിച്ചു. കെ.എം.എം.എൽ.-ൽ നിന്നും 100 കോടി രൂപ എടുത്തു, ബാങ്കിൽ നിന്ന് കുറച്ച് വായ്പയെടുത്തു, ബഡ്ജറ്റിലും പണം അനുവദിച്ചു. അങ്ങനെ പുതിയ 10 യൂണിറ്റുകൾ തുടങ്ങാൻ തീരുമാനിച്ചു. ഇത് വലിയ നാണക്കേടാണ്. കോമളപുരം സ്പിന്നിംഗ് മില്ലിന് 36 കോടി രൂപ, 500 പേർക്ക് തൊഴിൽ, 18000 സ്പിന്റിൽസ്, 30 ജെറ്റ് ലൂംസ് ഇതെല്ലാം അനുവദിച്ചതല്ലേ? ഇപ്പോൾ രണ്ടര വർഷമായില്ലേ; ഒരു ദിവസം അതൊന്ന് പ്രവർത്തിപ്പിച്ചിട്ടുണ്ടോ? ഇപ്പോൾ അതെല്ലാം തുരുമ്പിച്ചിട്ടുണ്ടാകും. അതിന്റെയെല്ലാം വാറണ്ടി പീരീഡ് കഴിഞ്ഞു. ഇനി ആരെങ്കിലും നന്നാക്കാൻ വരുമോ? അതുപോലെ ഉദുമ സ്പിന്നിംഗ് മില്ല്. അതിന് 16 കോടി രൂപ, 100 ജീവനക്കാർ. ഹൈടെക് സ്പിന്നിംഗ്, കണ്ണൂർ. അവിടത്തെ എം.എൽ.എ.മാരൊക്കെ ഇതൊന്ന് ശ്രദ്ധിക്കണം. ഇതിനൊക്കെ എന്താണ് തടസ്സം? ഹൈക്കോടതിയിൽ നിയമനവുമായി ബന്ധപ്പെട്ട് അല്ലാതെ എന്താണ് കേസ്; സെറ്റിൽചെയ്തുകൂടെ? രണ്ടരവർഷമായില്ലെ. ഇനിയിപ്പോൾ പഴയ ആൾക്കാരെ വയ്ക്കണമെന്ന് അവർ പറയുന്നുവെങ്കിൽ അങ്ങനെ ചെയ്യണം. അതിനൊരു മാനദണ്ഡം വയ്ക്കാം. അതായത് പഴയ തൊഴിലാളികളിൽ 50 വയസ്സിന് താഴെയുള്ളവർ അല്ലെങ്കിൽ 40 വയസ്സിന് താഴെയുള്ളവർ

എന്നൊരു മാനദണ്ഡം വച്ച് പണി തുടങ്ങണം. അതുപോലെ ട്രാക്കോ കേബിൾ – തുടങ്ങി, 5 ശതമാനം ബിലോ കപ്പാസിറ്റി ഓർഡർ, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ്, ഷൊർണ്ണൂർ – ഗംഭീര നഷ്ടത്തിലാണ്. ഹൈടെക് ബാംമ്പൂ ടൈൽസ് – 10 ശതമാനം കപ്പാസിറ്റി പോലുമില്ല. കുറ്റിപ്പുറത്തും കോഴിക്കോട്ടുമുള്ള ടൂൾ റൂമിനെക്കുറിച്ച് എനിക്കറിയില്ല. അതുകൊണ്ട് ഞാൻ പറയുന്നില്ല. This is the record. ഇതെങ്ങനെ ന്യായീകരിക്കാൻ കഴിയും. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അദ്ദേഹം മുൻകാലത്ത് മന്ത്രിയായിരുന്നപ്പോൾ നിശിതമായ വിമർശനങ്ങൾ ഞങ്ങൾ ഉയർത്തിയിട്ടുണ്ട്. എന്ത് വിമർശനം പറഞ്ഞാലും അദ്ദേഹം കരുതുന്ന കാര്യത്തിൽ ആക്ടീവായി നിന്നിട്ടുണ്ട്. ഇത് ടോട്ടൽ ഡ്രിഫ്റ്റാണ്. അതുകൊണ്ട് ഞാനിപ്പോൾ വലിയൊരു പ്രസംഗത്തിനൊന്നും മുതിരുന്നില്ല. You should understand, ഇതിങ്ങനെ ഒരു വർഷംകൂടി മുമ്പോട്ടുപോകുകയില്ല. 140 കോടി രൂപ ഈ വർഷം നഷ്ടം വരും. അടുത്ത വർഷം വീണ്ടും കൂടും. ഇത് നാളെ നന്നാക്കാൻപോലും കഴിയാത്ത വിധത്തിൽ തകർത്തുകളയരുത്. ഇതുസംബന്ധിച്ച് അങ്ങയുടെ പ്രതികരണമറിയാൻ താല്പര്യമുണ്ട്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക് ഓരോ കാര്യങ്ങൾ പറയുമ്പോൾ അത് എംഫസൈസ് ചെയ്ത് സ്ട്രോങ് ആക്കുന്ന കാര്യത്തിൽ അല്പം സ്മാർട്ടാണ്. അത് അദ്ദേഹത്തിന്റെ ഒരു രീതിയാണ്. പക്ഷേ ഞാൻ ഒരു കാര്യം അങ്ങയോട് പറയാം. ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭത്തിന്റെ കണക്ക് പറയുകയാണെങ്കിൽ ആദ്യത്തെ വർഷവും

രണ്ടാമത്തെ വർഷവും കഴിഞ്ഞപ്പോൾ അതിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടേയുള്ളൂ. എക്കണോമിക് റിവ്യൂവിന്റെ കണക്കനുസരിച്ചുതന്നെ 18 എന്നത് 19 ആക്കി. ഈ വർഷത്തെ കാര്യങ്ങൾ അല്പം യാഥാർത്ഥ്യബോധത്തോടുകൂടി കാണാൻ ഞാൻ തയ്യാറാണ്. കാരണം ഫെർണസ് ഓയിലിന്റെയും ഡീസലിന്റെയും വില വർദ്ധിച്ചു. ടേൺ ഓവർ–ൽ കുറവുണ്ടാവുകയോ, സമരങ്ങൾ ഉണ്ടാകുകയോ, ഈ സ്ഥാപനങ്ങളൊന്നും അടച്ചിടുകയോ ചെയ്തിട്ടില്ല. വേറെ പ്രശ്നങ്ങളൊന്നുമില്ല. പക്ഷേ ലാഭവിഹിതം കുറയുന്നുണ്ട്. എണ്ണം കൂടിയിട്ടുണ്ട്, കൺഗ്രാജൂലേഷൻസ് എന്ന് അങ്ങ് പറഞ്ഞു. ഞങ്ങൾ പ്രതീക്ഷിക്കുന്നത് ഈ വർഷാവസാനം ഏപ്രിൽ മാസം കഴിയുമ്പോൾ പല നടപടികളുടെ ഫലമായി എണ്ണമൊന്നും കുറയാതെ ഉയർത്തിക്കൊണ്ടുവരാൻ കഴിയുമെന്നാണ്. ഒന്ന് ടെക്സ്റ്റയിൽ മില്ലുകളാണ്. ചിലപ്പോൾ അവിടെ വൻ നഷ്ടമുണ്ടാകും. ചിലപ്പോൾ ചില നടപടികൾകൊണ്ട് അത് ലാഭത്തിലേയ്ക്ക് വരും. അതാണ് എണ്ണം കൂട്ടുകയും കുറയ്ക്കുകയുമൊക്കെ ചെയ്യുന്നതിന്റെ മുഖ്യഘടകം. ഇനി ഗവൺമെന്റിന് എന്ത് ചെയ്യാൻ കഴിയും എന്നുള്ളതാണ്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. അപ്പോൾ അങ്ങേയ്ക്ക് ഒരു നല്ല ചാൻസ് കിട്ടിയിരുന്നു. ആ സമയത്ത് ഒരു നടപടി വേണമെങ്കിൽ എടുക്കാമായിരുന്നു. ഈ പൊതുമേഖലാ സ്ഥാപനങ്ങൾ മുഴുവൻ അക്യൂമിലേറ്റഡ് ലോസ്, അതിന്റെ പലിശ മറ്റ് കാര്യങ്ങളൊക്കെയാണ് ഇതിന്റെ നഷ്ടം ഇങ്ങനെ പെരുപ്പിച്ച് കാണിക്കുന്നത്. അങ്ങേയ്ക്ക് അത് ഒന്ന് ക്ലിയർ ചെയ്തുകൂടായിരുന്നോ? ഗവൺമെന്റിന് കിട്ടാത്ത കടം, ഇനി കിട്ടാൻ യാതൊരു വഴിയുമില്ലാ എന്നുപറഞ്ഞ് കുറച്ചുകൂടി ഫൈനാൻസ് കൊടുത്ത് അതൊന്ന് ക്ലിയർ ചെയ്ത് ശരിയാക്കാമായിരുന്നു. അങ്ങ് ധനകാര്യ വകുപ്പുമന്ത്രി ആയ

പ്പോഴും സാധാരണ നടപടികൾ മാത്രമേ ഉണ്ടായുള്ളൂ. ഞാനിരിക്കുന്ന ഈ സമയത്ത് കൊടുത്ത പൈസയുടെ പകുതിപോലും അങ്ങയുടെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുത്തില്ല. അന്നത് ശ്രദ്ധിച്ചില്ല. ഇപ്പോൾ ശ്രദ്ധിക്കുന്നതുപോലെ അന്നൊന്ന് ശ്രദ്ധിച്ചിരുന്നെങ്കിൽ ഗുണമുണ്ടാകുമായിരുന്നു.

ഡോ: ടി. എം. തോമസ് ഐസക്: ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ മുഴുവൻ ഫിനാൻഷ്യൽ റീസ്ട്രക്ച്ചറിംഗ് നടത്തി. അവിടെ ബാങ്കുകളിലുള്ള കുടിശിക മുഴുവൻ ഒറ്റത്തവണ തീർപ്പാക്കി. ഓട്ടോ കാസ്റ്റ് ഒഴിച്ച് ബാക്കിയെല്ലാത്തിന്റേയും ലോൺ ഷെയർ ക്യാപ്പിറ്റലായിട്ട് മാറ്റി.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അങ്ങ് ഇവിടെ പറഞ്ഞതിനെല്ലാമുള്ള മറുപടിയായി ഞാൻ കണക്ക് മാത്രം പറയാം. അങ്ങ് ധനകാര്യ മന്ത്രിയായിരുന്ന കാലത്ത്, 2006–07–ൽ മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങൾക്കുംകൂടി കൊടുത്ത തുക 51 കോടിരൂപയായിരുന്നു. 2007–08–ൽ 48 കോടി രൂപ. 2008–09–ൽ 56 കോടി രൂപ. ഈ ഗവൺമെന്റ് വന്നതിനുശേഷം, 2011–12–ൽ 60 കോടി രൂപ, 2012–13–ൽ 115 കോടി രൂപ. ആകെ മൊത്തം പറയുകയാണെങ്കിൽ, ആദ്യത്തെ മൂന്ന് വർഷം അങ്ങയുടെ ഗവൺമെന്റ് 157 കോടി രൂപ കൊടുത്തു. ആ സ്ഥാനത്ത് ഞങ്ങളുടെ ഗവൺമെന്റ്, കാഷ്യൂ കോർപ്പറേഷനടക്കം കൊടുത്തത് 495 കോടി രൂപയാണ്. വർത്തമാനം പറയാൻ എളുപ്പമാണ്, പ്രവൃത്തിയിൽ കാണിക്കാൻ പ്രയാസമാണ്. കാഷ്യൂ കോർപ്പറേഷന് 2006–07–ൽ നിങ്ങൾ 35 കോടി രൂപയും 2007–08–ൽ 26 കോടി രൂപയും 2008–09–ൽ 31 കോടി രൂപയും കൊടുത്തു. ഞങ്ങൾ വന്നതിനു

ശേഷം മൂന്നുവർഷങ്ങളിലായി 47 കോടി, 60 കോടി, 87 കോടി, അങ്ങനെ 124 കോടി രൂപ കൊടുത്തു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ......(മൈക്ക് ഓഫ്)...... ബാങ്കുകൾക്ക് കൊടുക്കാനുള്ള ബാധ്യത കഴിഞ്ഞ സർക്കാർ ഏറ്റെടുത്തിരുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നമുക്ക് വിഷയങ്ങളെ യാഥാർത്ഥ്യബോധത്തോടുകൂടി കാണാം. ഇക്കൊല്ലം കുറച്ചുകൂടി നടപടികൾ വേണ്ടിവരും. രണ്ടുമാസം മുമ്പുവരെ കെ.എം.എം.എൽ.-ന്റെ കാര്യത്തിൽ ഒരു ആശങ്കയുണ്ടായിരുന്നു. ഇപ്പോൾ ആ ആശങ്ക മാറുന്നുണ്ട്. ഇപ്പോൾ 10-12 കോടി രൂപ ലാഭമായി. ഈ ഗവൺമെന്റിന്റെ കാലത്ത്, കഴിഞ്ഞ വർഷമാണ് കെ.എം.എം.എൽ. റെക്കോഡ് ലാഭമുണ്ടാക്കിയത്. ഡീസലിന്റെയും ഫെർണസ് ഓയിലിന്റെയും വില വർദ്ധനവ്, മാർക്കറ്റ് കണ്ടീഷൻ എന്നിവ കാരണം ഈ വർഷം ആ റെക്കോഡിലേക്ക് പോകുകയില്ല. എന്തുതന്നെയായാലും ഇത് നമ്മൾ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞുകൊണ്ടിരുന്നിട്ട് കാര്യമില്ല, ഞാൻ അങ്ങനെ പറയുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളിൽ പല പ്രതിസന്ധികളുമുണ്ട്. അത് പരിഹരിക്കുന്ന കാര്യങ്ങളെക്കുറിച്ച് നമുക്ക് ആലോചിക്കാം. പഴയ കണക്കും പഴയ ബാലൻസ് ഷീറ്റും അക്യുമുലേറ്റഡ് ലോസും പറഞ്ഞുകൊണ്ടിരുന്നിട്ട് കാര്യമില്ല. ഓട്ടോകാസ്റ്റിന്റെ കാര്യംതന്നെ എടുക്കാം, ഓട്ടോകാസ്റ്റ് ഇലക്ട്രിസിറ്റി ബോർഡിന് ഒരുപാട് പണം കൊടുക്കാനുണ്ട്. കുറേ പണം ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് ഇങ്ങോട്ടും കിട്ടാനുണ്ട്. അങ്ങോട്ടുമിങ്ങോട്ടും കണക്ക് പറഞ്ഞ് സെറ്റിൽ ചെയ്യുന്നതിനുവേണ്ടി ഞാൻ ഇപ്പോൾ വൈദ്യുതി വകുപ്പുമന്ത്രിയുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ട്രെയ്ഡ് യൂണിയനും ബാക്കിയുള്ളവരുമായെല്ലാം ചർച്ച ചെയ്യാം. അതേപോലെതന്നെ കെ.എസ്.ഡി.പി.-യുടെ കാര്യത്തിലും അങ്ങ്

പറഞ്ഞത് ശരിയാണ്. ഇവിടത്തെ മെഡിക്കൽ കോർപ്പറേഷന്റെ ഓർഡർ വേണ്ടത്ര കിട്ടുന്നില്ല. അതിന് പല കാരണങ്ങളും അവർ പറയുന്നുണ്ട്. എന്നാൽ നമുക്ക് ആന്ധ്രാ മെഡിക്കൽ കോർപ്പറേഷന്റെ ഓർഡർ കിട്ടി. കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ ചെറിയ സാങ്കേതിക വിദ്യ ആഡ് ചെയ്തപ്പോൾ ഇഷ്ടംപോലെ ഓർഡർ കിട്ടാൻ തുടങ്ങി. ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രശ്നമെടുത്ത് പഴയ അക്യുമുലേറ്റഡ് ലോസെല്ലാം വെപ്പ് ഔട്ട് ചെയ്ത് ഓരോന്നിനും പുതിയ ടെക്നോളജി ആഡ് ചെയ്ത് ഡൈവേർസിഫൈ ചെയ്ത് എങ്ങനെ മുന്നോട്ട് കൊണ്ടുപോകാമെന്നുള്ളതിനെ സംബന്ധിച്ച് നമുക്ക് കൂട്ടായി ചർച്ച ചെയ്യാം. അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞുകൊണ്ടിരുന്നിട്ട് കാര്യമില്ല. അതിൽ ഏറ്റക്കുറച്ചിൽ വരും. ഇപ്പോൾ ടെക്സ്റ്റയിൽസ് മിൽസിന്റെ കാര്യമെടുത്താൽ, ഒരു കാലത്തുമില്ലാത്ത വിധം 60 കോടി രൂപയുടെ പാക്കേജ് ഈ ഗവൺമെന്റ് ഏർപ്പെടുത്തി. പകുതി തുക കൊടുത്തു. ഇത്തവണയും തുക നീക്കിവച്ചിട്ടുണ്ട്. ഗവൺമെന്റ് പണം കൊടുക്കും, കടം എഴുതിത്തള്ളിക്കൊണ്ടിരിക്കും അങ്ങനെ പോകുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷപ്പെടുത്തുന്നതിനുള്ള സ്ഥിരമായ നടപടി സംബന്ധിച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. ട്രേഡ് യൂണിയനുമായെല്ലാം ആലോചിച്ച് ഓരോ സ്ഥാപനങ്ങളുടെയും പ്രോബ്ലം അനലൈസ് ചെയ്ത് നടപടി സ്വീകരിക്കാം. ഇപ്പോൾ എല്ലായിടത്തും ഇ-ടെണ്ടറാണ്. അഴിമതി തുടങ്ങിയ കാര്യങ്ങളൊന്നും നടക്കുകയില്ല. വളരെ ചെറിയ ശതമാനം മാത്രമേ ഇനി ഇ-ടെണ്ടറിലേക്ക് വരാനുള്ളൂ. മിക്കവാറും പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം ഈ വർഷത്തോടുകൂടിത്തന്നെ ഇ-ടെണ്ടർ ഏർപ്പെടുത്തും. ഇ-ടെണ്ടറും ഇ-പ്രൊക്യൂർമെന്റുമാകുമ്പോൾ കമ്പനി തലത്തിലുള്ള അഴിമതിപോലെയുള്ള കാര്യങ്ങൾക്കുള്ള

സാധ്യത വളരെ കുറവാണ്. അങ്ങ് ധനകാര്യ മന്ത്രിയായിരുന്നപ്പോൾ അക്യുമുലേറ്റഡ് ലോസെല്ലാം എഴുതിത്തള്ളി കുറച്ച് പണം കൊടുത്ത് ഡൈവേർസിഫൈ ചെയ്ത് കൊണ്ടുവരാമായിരുന്നു. പക്ഷെ അങ്ങനെ ചെയ്തില്ല. ഇനി നമുക്ക് അതിനെക്കുറിച്ച് ആലോചിക്കാം. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലത്ത് തുടങ്ങിയ പുതിയ ചില മില്ലുകളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. തെരഞ്ഞെടുപ്പിന് മുമ്പ് ഇതെല്ലാം ഓപ്പൺ ചെയ്യണമെന്നുള്ള സദുദ്ദേശത്തോടുകൂടി തുടങ്ങിയതാണ്. അത് ദോഷമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, പല സാങ്ഷനുകളും വാങ്ങിയിരുന്നില്ല. റോഡില്ല, ഇലക്ട്രിസിറ്റിയില്ല, പഞ്ചായത്തിന്റെ പെർമിഷനില്ല. ഇതെല്ലാം ഇപ്പോൾ ഞാനാണ് വാങ്ങിക്കൊണ്ടിരിക്കുന്നത്. കുറച്ച് പണമെല്ലാം കൊടുത്ത് മലബാർ സിമെന്റ്സ് വേഗത്തിൽ ആരംഭിക്കാൻ നോക്കി. പക്ഷെ അതിനിടയിൽ റോഡുണ്ടാക്കാനും പഞ്ചായത്തിന്റെ പെർമിഷൻ വാങ്ങാനും മറന്നു. അങ്ങനെ കുറേ പ്രശ്നങ്ങളുണ്ട്. അതിന് വർക്കിംഗ് ക്യാപ്പിറ്റലായിത്തന്നെ വലിയൊരു സംഖ്യ വേണം. അതുപോലെതന്നെയാണ് റിക്രൂട്ട്മെന്റും. റിക്രൂട്ട്മെന്റെല്ലാം അതാത് കമ്പനികൾതന്നെ അഡ്വൈർട്ടൈസ് ചെയ്ത് നടത്തുന്നതിനുള്ള പെർമിഷൻ കൊടുത്തിട്ടുണ്ട്. അതിലൊന്നും യാതൊരു ഡിലേയുമില്ല. പക്ഷെ കുറച്ചധികം പണം വേണം, കൂടാതെ സാങ്ഷനും പെർമിഷനുമെല്ലാം കിട്ടേണ്ടിയിരുന്നു. അതുകൊണ്ടാണ് ഉദുമ, പിണറായി എന്നിവിടങ്ങളില്ലൊം ഡിലേ ആയത്. ഇനിയിപ്പോൾ അതെല്ലാം വേഗത്തിൽ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ധനമന്ത്രിയെന്ന നിലയ്ക്ക് മാത്രമല്ല, കഴിഞ്ഞ സർക്കാരിന്റെ ഏറ്റവും വലിയ റെക്കോർഡ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിച്ചു എന്നുള്ളതാണ്. ഞാൻ ആദ്യം

ഇക്കണോമിക് റിവ്യൂവിലെ കണക്ക് പറഞ്ഞല്ലോ, അത് താഴേയ്ക്കാണ്. ഈ വർഷം ഡിസംബർ വരെ 140 കോടി രൂപ നഷ്ടം. അങ്ങ് അതിന്റെ മൂലകാരണമൊന്നും അന്വേഷിക്കേണ്ട എന്നുപറഞ്ഞു, അന്വേഷിക്കേണ്ട. എന്റെ ചോദ്യം ഇതാണ്, ഈ ഗൗരവമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് സെൻട്രൽ ട്രേഡ് യൂണിയനുകളുമായും പ്രതിപക്ഷത്തിന്റെ ചില പ്രതിനിധികളുമായും ചേർന്ന് രണ്ടോ മൂന്നോ ദിവസമെടുത്ത് ഇപ്പോഴെങ്കിലും തുന്നിക്കെട്ടാൻ നോക്കിയില്ലെങ്കിൽ ഇതൊരു പ്രശ്നമായിത്തീരും. അതിന് അങ്ങ് മുൻകൈ എടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതെല്ലാം ആവാം. പക്ഷെ അങ്ങ് പറഞ്ഞ മുഖവുര ആദ്യം പിൻവലിക്കണം. ഒരു മുഖവുര കൊടുത്ത്, രാഷ്ട്രീയമാനം കൊടുത്താണ് അങ്ങ് സംസാരിച്ചത്. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം പറഞ്ഞത് തെറ്റാണെന്ന് ഈ നിയമസഭയിൽ കണക്കുകൊണ്ട് ഞാൻ തെളിയിച്ചിട്ടുണ്ട്. അത് വെറുതേ ക്ലെയിം ചെയ്യുന്നതാണ്. അങ്ങനെയൊരു സംഗതിയുണ്ടായിരുന്നില്ല. ഏത് കാലത്തായാലും ആരുടെ കാലത്തായാലും അലാവുദ്ദീന്റെ അത്ഭുതവിളക്കൊന്നുമില്ല. ഞങ്ങൾ ബാലൻസ് ഷീറ്റ് നോക്കുമ്പോൾ 23 എന്നുപറഞ്ഞത്, 13 ആണെന്നാണ് എന്റെ ഓർമ്മ, സബ്ജക്ട് ടു കറക്ഷൻ, നേരെ താഴോട്ട് വന്നു. അങ്ങനെ ലാഭമുണ്ടായിരുന്നില്ല, പെർഫോർമൻസില്ല. പിന്നെ ധനകാര്യ മന്ത്രി എന്നുള്ള നിലയ്ക്ക് അങ്ങ് അംഗീകരിക്കണം, ഞങ്ങൾ കൊടുത്തതിന്റെ പകുതി പൈസയേ നിങ്ങൾ ആദ്യത്തെ മൂന്ന് വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ളൂ. നമുക്ക് രണ്ടുദിവസത്തെ ചർച്ച നടത്താം. കാലാകാലങ്ങളിൽ ലാഭത്തിലാക്കാൻ സാധിക്കാത്ത പൊതുമേഖലാ സ്ഥാപന

ങ്ങളെ റീസ്ട്രക്ച്ചർ ചെയ്യുന്നതിനുള്ള പൊളിറ്റിക്കൽ ഒപ്പീനിയനുണ്ടാക്കാൻവേണ്ടി നമുക്ക് ഒന്നിച്ചിരിക്കാം. അതിന് ഞാൻ തയ്യാറാണ്.

(സബ്മിഷൻസ്)